DESPATCHED 25/05/2020

27. 2. 20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.720(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.4581/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എ.കെ. കരീം
S/o ബഷീർ,
ആല്യമാക്കാനകത്ത് ഹൗസ്,
നിയർ പോലീസ് സ്റ്റേഷൻ,
പൊന്നാനി സൗത്ത് – 679 586.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & മുനിസിപ്പൽ എഞ്ചിനീയർ, പൊന്നാനി നഗരസഭ, മലപ്പുറം.
2. അപ്പീൽ അധികാരി & മുനിസിപ്പൽ സെക്രട്ടറി, പൊന്നാനി നഗരസഭ, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25/09/2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24/11/2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 01/12/2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 23/01/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 23/03/2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 23/03/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/04/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/05/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ.കരീം, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി തെറ്റായിരുന്നു എന്നും അപ്രകാരം തന്നെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് വ്യക്തമായ മറുപടി നൽകിയിരുന്നില്ല എന്നും ആയതിനാൽ ഒന്നാം

അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും എന്നാൽ ആയതിന്മേൽ നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. നഗരാസൂത്രണ കാര്യാലയത്തിലെ 5.9.2014-ലെ എ2/1438/2014 കത്തു പ്രകാരം എം.ഇ.എസ്. കാമ്പസിൽ അനധികൃതമായി നടത്തിയിട്ടുള്ള നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാൻ പൊന്നാനി നഗരസഭ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു എന്നും ആയതുപ്രകാരം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകളുടെ പകർപ്പുകൾ നൽകണമെന്നും

ii. മേൽ പ്രസ്താവിച്ച പ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എങ്കിൽ അതിന്റെ കാരണം എന്തെന്നും

iii. മലപ്പുറം നഗരാസൂത്രണ കാര്യാലയത്തിൽ നിന്നും 20.8.2014-ന് എ3-1304/14-ാം നമ്പർ കത്തു പ്രകാരം നഗരസഭ സെക്രട്ടറിക്ക് നൽകിയിട്ടുള്ള കത്തിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി വ്യക്തമല്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി ഒന്നാം എതിർകക്ഷി തന്നെ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നു എന്നും ആയത് തൃപ്തികരമല്ല എന്നറിയിച്ച് ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ആയതിന് വ്യക്തമായ മറുപടി ഒന്നാം എതിർകക്ഷി മുഖേന നൽകിയിരുന്നു എന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 4-ാം ഇനത്തിൽ ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള കത്ത് ലഭിച്ചിരുന്നതായി കാണുന്നില്ല എന്നും മലപ്പുറം ജില്ലാ ടൗൺ പ്ലാനറുടെ ഓഫീസിൽ നിന്നും അയച്ചു നൽകിയ 19.6.14-ലെ എ2-944/14 നമ്പർ കത്തുമായി ബന്ധപ്പെട്ട ഫയൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയുടെ കെട്ടിനുള്ളിൽ കാണാതെ വന്നതിനാലാണ് അപ്രകാരം ഒരു മറുപടി നൽകാൻ ഇടയായത് എന്നും മേൽപ്പടി അപേക്ഷ ലഭിച്ച കാലയളവിൽ മേൽപ്പടി വിഷയം കൈകാര്യം ചെയ്തിരുന്ന ക്ലാർക്കുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വിവരപ്രകാരം ബന്ധപ്പെട്ട ഫയൽ കണ്ടെത്തി എന്നും മേൽപ്പടി ഫയൽ പരിശോധിച്ച ശേഷമാണ് ഹർജിക്കാരന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നത് എന്നും ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നത് 27.12.2014 തീയതിയായിരുന്നു എന്നും അന്നേ ദിവസം തന്നെ ഹർജിക്കാരൻ 5 അപേക്ഷകളും നൽകിയിരുന്നു എന്നും മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ 23.1.2015 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി തന്നെയാണ് മറുപടി നൽകിയിരുന്നത് എന്നു കാണുന്നു. ആയത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാൻ നിർവ്വാഹമില്ല. അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ്

RIGHT TO INFORMATION

പുറപ്പെടുവിക്കേണ്ടിയിരുന്നത് ഒന്നാം അപ്പീൽ അധികാരി തന്നെയായിരുന്നു. ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ച സംബന്ധിച്ച് പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ വിശദമായ ഒരു റിപ്പോർട്ട് ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ ഈയവസരത്തിൽ ടിയാന് നൽകിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 27-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൺ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

us